# സമ്പാദ്യം എന്തിന് ?



സ്ഥിര വരുമാനത്തിൽ നിന്നും വാങ്ങുവാൻ സാധിക്കാത്ത ഏതെങ്കിലും സാധനം വാങ്ങിക്കുക



രോഗം,അപകടം, മരണം, അത്യാഹിതം തുടങ്ങിയ അപ്രതീക്ഷിത ചിലവുകൾ വഹിക്കുക



വീട് വാങ്ങുക, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ഭാരിച്ച ചിലവുകൾ വഹിക്കുക



വയസ്സുകാലത്തോ സമ്പാദിക്കാനാവാത്ത കാലത്തോ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുക

# സമ്പാദ്യം എന്തുകൊണ്ട് ബാങ്കിൽ സൂക്ഷിക്കണം ?



## സുരക്ഷ

വീട്ടിൽ പെട്ടിയിലോ, കിടയ്ക്കക്കടിയിലോ,പേഴ്സിൽ പോലുമോ സൂക്ഷിച്ച പണം കളവു പോകാനോ കേടു വരാനോ സാദ്ധ്യതയുണ്ട്. വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ നഷ്ടപ്പെടാനും സാദ്ധ്യതയുള്ളപ്പോൾ, ബാങ്കിൽ പണം സുരക്ഷിതമായിരിക്കും.



## വളർച്ച

ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച പണത്തിന്മേൽ നമുക്ക് പലിശ ലഭിക്കുന്നു. ഇത് നമ്മുടെ പണം വളരാൻ സഹായിക്കുന്നു. വീട്ടിൽ സൂക്ഷിച്ച പണത്തിൽ വർദ്ധനയുണ്ടാകുന്നില്ല.



## വായ്പ

നമ്മുടെ സേവിംഗ്സ് ബാങ്ക്, സ്ഥിര നിക്ഷേപങ്ങൾ , റിക്കറിംഗ് നിക്ഷേപങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വീട്, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നു.

# നിങ്ങളുടെ ഇടപാടുകാരനെ അറിയുക (കെ വൈ സി)

1

- കെ വൈ സി എന്നത്, അക്കൗണ്ട് തുറക്കുന്ന സമയത്ത് ഇടപാടുകാരനെ തിരിച്ചറിയൽ, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്ന ഒരു പ്രക്രിയയാണ്.

2

- ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട രേഖകൾ : ക) പാസ്പോർട്ട്, ഖ) ഡ്രൈവിംഗ് ലൈസൻസ്, ഗ) വോട്ടർ തിരിച്ചറിയൽ കാർഡ് , ഘ) പാൻ കാർഡ്, ങ) ആധാർ കാർഡ്, ച) മൻരേഗ കാർഡ്

3

- ഈ രേഖകളിൽ മേൽവിലാസം ഉണ്ടെങ്കിൽ അത് മേൽവിലാസം സംബന്ധിച്ച തെളിവായും സ്വീകരിക്കപ്പെടും



പാസ്പോർട്ട്



മൻരേഗ




ഡ്രൈവിംഗ് ലൈസൻസ്



ഫോട്ടോഗ്രാഫ്




ആധാർ കാർഡ്




പാൻ കാർഡ്




വോട്ടർ ഐഡി കാർഡ്

**ഔദ്യോഗിക രേഖകൾ ഇല്ലെങ്കിൽ -**

അടുത്തിടെയുള്ള ഫോട്ടോ കൊടുക്കുകയും, ബാങ്ക് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടുകയോ വിരലടയാളം പതിപ്പിക്കുകയോ ചെയ്ത് ഏതാനും നിബന്ധനകൾക്കു വിധേയമായി **'ലഘു അക്കൗണ്ടുകൾ'** തുറക്കാം.

**പ്രായപൂർത്തിയാകാത്തവരുടെ അക്കൗണ്ടുകളുടെ കാര്യത്തിൽ, പ്രായപൂർത്തിയായ ഉടൻ പുതുതായി കെ വൈ സി രേഖകൾ സമർപ്പിക്കണം.**

# വിവിധ അക്കൗണ്ടുകൾ

## സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

- പണം നിക്ഷേപിക്കാനും പിൻവലിക്കാനും എളുപ്പം.
- ഇടപാടുകാർക്ക് പാസ്സ്ബുക്ക്, ചെക്ക് ബുക്ക്, എ ടി എം ഡെബിറ്റ് കാർഡ് എന്നീ സൗകര്യങ്ങൾ
- നിക്ഷേപത്തുകയിന്മേൽ പലിശ ലഭിക്കുന്നു.

## കറന്റ് അക്കൗണ്ട്

- കമ്പനികളുടേയും സ്ഥാപനങ്ങളുടേയും പേരിൽ കറന്റ് അക്കൗണ്ട് തുറക്കാം.
- ഇടപാടുകളുടെ എണ്ണത്തിൽ പരിധികളില്ല.
- ഈ അക്കൗണ്ടുകളിൽ ബാങ്ക് പലിശ നല്കുന്നതല്ല.

## റിക്കറിംഗ് ഡിപ്പോസിറ്റ് അക്കൗണ്ട്

- ഒരു നിശ്ചിത കാലയളവിൽ തവണകളായി പണം നിക്ഷേപിക്കുക.
- ആർ ഡി അക്കൗണ്ടുകളിൽ സേവിംഗ്സ് ബാങ്കിനേക്കാൾ പലിശ ലഭിക്കുന്നു.
- കാലാവധി പൂർത്തിയായാലോ കാലാവധിയ്ക്കു മുമ്പ് അക്കൗണ്ട് ക്ലോസ് ചെയ്താലോ പണം പിൻവലിക്കാം.

## ടേം ഡിപ്പോസിറ്റ്/ ഫിക്സ്ഡ് ഡിപ്പോസിറ്റ്

- ടേം ഡിപ്പോസിറ്റുകൾ 7 ദിവസം തൊട്ട് 10 വർഷം വരെയുള്ള കാലയളവിലേക്ക് തുറക്കാം.
- ബാങ്കുകൾ ടേം ഡിപ്പോസിറ്റിന്മേൽ കൂടുതൽ പലിശ നൽകുന്നു.
- ഓരോ മാസവും/3 മാസം കൂടുമ്പോൾ അല്ലെങ്കിൽ ഒന്നിച്ച് പലിശ പിൻവലിക്കാം.

## <u>ലഘു അക്കൗണ്ടുകൾ</u>

അടുത്തിടെയുള്ള ഫോട്ടോ കൊടുക്കുകയും, ബാങ്ക് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടുകയോ വിരലടയാളം പതിപ്പിക്കുകയോ ചെയ്ത് ഏതാനും നിബന്ധനകൾക്കു വിധേയമായി <u>'ലഘു അക്കൗണ്ടുകൾ'</u> തുറക്കാം. 12 മാസത്തേക്ക് സാധുത. അക്കൗണ്ടിൽ ബാലൻസ് ഒരു സമയത്തും 50000 രൂപ കവിയരുത്.

## ബേസിക് സേവിംഗ്സ് ബാങ്ക് ഡിപ്പോസിറ്റ് അക്കൗണ്ട്

ഏറ്റവും കുറഞ്ഞ ബാലൻസ് സംബന്ധിച്ച നിബന്ധനയില്ല.

ഡെബിറ്റ് കാർഡ് സൗകര്യം ഉണ്ട്.

പത്തു വയസ്സിനു മേൽ പ്രായമുള്ള ആർക്കും അക്കൗണ്ട് തുറക്കാം.

# സേവനങ്ങൾ

**പണമയക്കൽ**

- ബാങ്ക് നമ്മുടെ പണം ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കോ ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്കോ സുരക്ഷിതമായും, ത്വരിത ഗതിയിലും കാര്യക്ഷമമായും എത്തിക്കുന്നു.
- ശാഖയിലൊ, ബാങ്ക് മിത്രം മുഖേന മൈക്രോ എ ടി എം വഴിയോ, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, എൻ ഇ എഫ് ടി/ ആർ ടി ജി എസ് വഴിയോ ഇത് ചെയ്യാം

**മൊബൈൽ ബാങ്കിംഗ്**

- എൻ ഇ എഫ് ടി / ആർ ടി ജി എസ് വഴി പണം അയക്കൽ, ഐ എം പി എസ്, ബില്ലടയ്ക്കൽ

**എ ടി എം കാർഡ്**

- പണം പിൻവലിക്കാനായി എല്ലാ എ ടി എമ്മുകളിലും പി ഒ എസ് മിഷ്യനുകളിലും ( പണമായി പേമെന്റ് നല്കാതെ സാധനങ്ങൾ വാങ്ങാൻ ) സ്വീകരിക്കപ്പെടുന്നു.
- എ ടി എമ്മിൽ നിന്ന് പണം പിൻവലിക്കുമ്പോഴും പി ഒ എസ് ഇടപാട് നടത്തുമ്പോഴും വ്യക്തിഗത തിരിച്ചറിയൽ സംഖ്യ (പിൻ) ഉപയോഗിക്കപ്പെടുന്നു.
- ഇടയ്ക്കിടെ പിൻ മാറ്റിക്കൊണ്ടിരിക്കണം. ഇത് മറ്റാരുമായും പങ്കുവെയ്ക്കരുത്.
- നിരക്ഷരരായ ഇടപാടുകാർക്കും എ ടി എം കാർഡ് നൽകാവുന്നതാണ്.
- റുപെയ് ഡെബിറ്റ് കാർഡ്, നാഷണൽ പേമെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ തുടങ്ങിവെച്ച, ഇന്ത്യയ്ക്കകത്ത് ഉപയോഗിക്കാവുന്ന ഒരു ഡെബിറ്റ് കാർഡാണ്. ഇതിൽ 1 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് സ്വയമേവ ലഭ്യമാണ്.

**ഇന്റർനെറ്റ് ബാങ്കിംഗ്**

- ഇന്റർനെറ്റ് ബാങ്കിങ്ങ് ഒരു ഇലക്ട്രോണിക് പേമെന്റ് പദ്ധതിയാണ്.
- പണം അയക്കൽ, ബില്ലടയ്ക്കൽ,അക്കൗണ്ട് വിവരങ്ങൾ, ടിക്കറ്റ് ബുക്കിംഗ്, ഓൺലൈൻ ഷോപ്പിങ്ങ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

**വായ്പ**

- വീട്, കാർ, വീട്ടുപകരണങ്ങൾ തുടങ്ങിയവ വാങ്ങാനും വിദ്യാഭ്യാസത്തിനുമായി ബാങ്ക് വായ്പ നൽകുന്നു.
- കൃഷി, ബിസിനസ്സ്, വ്യവസായം,സേവന മേഖലകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായും ബാങ്ക് വായ്പ നല്കുന്നു.
- ചൂതാട്ടം പോലുള്ള നിയമവിരുദ്ധമായ പ്രവർത്തികൾക്ക് വായ്പ നൽകുന്നതല്ല.
- പലിശയ്ക്ക് പണം കൊടുക്കുന്നവരെ അപേക്ഷിച്ച് ബാങ്ക് വായ്പകളിന്മേൽ പലിശ തുലോം കുറവാണ്.

**ഓവർ ഡ്രാഫ്റ്റ്**

അനുവദിക്കപ്പെട്ട പരിധി വരെയുള്ള കൂടുതൽ തുക പിൻവലിക്കാം.

**പെൻഷൻ**

അടൽ പെൻഷൻ യോജനയിൽ 1000 മുതൽ 5000 രൂപ വരെയുള്ള ഉറപ്പായ പെൻഷൻ (18-40 വയസ്സ്)

# സാമൂഹ്യ സുരക്ഷാ പദ്ധതികൾ

## പ്രധാന മന്ത്രി ജൻ-ധൻ യോജന

- 28 ആഗസ്റ്റ് 2014ന് ബഹു.പ്രധാന മന്ത്രി തുടങ്ങിവെച്ച പദ്ധതിയാണ് **പ്രധാന മന്ത്രി ജൻ-ധൻ യോജന (പിഎംജെഡി വൈ)**
- ഈ പദ്ധതി, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുക മുഖേന ഗ്രാമീണ-നഗര പ്രദേശങ്ങളിലെ കുടുംബങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.
- 10 വയസ്സിനു മുകളിൽ പ്രായമുള്ള മൈനർക്ക് ഏതൊരു ബാങ്കിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കാം.
- റുപെയ് ഡെബിറ്റ് കാർഡിൽ, ഇടപാടുകാരനിൽ നിന്ന് ചാർജ് വസൂലാക്കാതെ തന്നെ **1 ലക്ഷം രൂപ അപകട ഇൻഷൂറൻസ്** സ്വയമേവ ലഭ്യമാണ്.
- അപകട ഇൻഷൂറൻസ് പരിരക്ഷയുടെ ആനുകൂല്യം ലഭിക്കാൻ റുപെയ് ഡെബിറ്റ് കാർഡ് 45 ദിവസത്തിലൊരിക്കലെങ്കിലും ഉപയോഗിച്ചിരിക്കണം.
- 6 മാസക്കാലം അക്കൗണ്ട് തൃപ്തികരമായി നടന്നാൽ ഒരു കുടുംബത്തിൽ ഒരു അക്കൗണ്ട് ഹോൾഡർക്ക് **5000 രൂപ വരെ ഓവർഡ്രാഫ്റ്റ് സൗകര്യം** ലഭ്യമാണ് .

## പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന

- പി എം എസ് ബി വൈ എന്ന അപകട ഇൻഷൂറൻസ് പദ്ധതി, അപകടത്തിൽ പെട്ടാൽ അക്കൗണ്ട് ഹോൾഡർക്ക് 2 ലക്ഷം രൂപ വരെ അപകട മരണ ശാരീരിക വൈകല്യ ഇൻഷൂറൻസ് പരിരക്ഷ നല്കുന്നു.
- 18 മുതൽ 70 വയസ്സ് വരെ പ്രായമുള്ള എല്ലാ സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്കും വർഷത്തിൽ 12 രൂപ പ്രീമിയം നൽകി പദ്ധതിയിൽ ചേരാവുന്നതാണ്. പ്രീമിയം ഓരോ കൊല്ലവും പുതുക്കേണ്ടതാണ്.

## പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന

- പി എം ജെ ജെ ബി വൈ എന്നത് , ഏതെങ്കിലും കാരണവശാൽ മരണം സംഭവിച്ചാൽ 2 ലക്ഷം രൂപയുടെ ഇൻഷൂറൻസ് പരിരക്ഷ നല്കുന്ന ഒരു പദ്ധതിയാണ്.
- ബാങ്ക് ശാഖയിലോ ബാങ്ക് മിത്രം മുഖേനയോ പദ്ധതിയിൽ ചേരാവുന്നതാണ്.
- 18 മുതൽ 50 വയസ്സ് വരെ പ്രായമുള്ള എല്ലാ സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ് .
- പ്രീമിയം പ്രതി അംഗം/പ്രതി വർഷം 330 രൂപയും സർവീസ് ടാക്സുമാണ്.പ്രീമിയം ഓരോ വർഷവും പുതുക്കേണ്ടതാണ് .

# ଜଧଥଙ୍କଦବଜମଭ ବକ୍ସଜତ ସ୍ଵଭଙ୍କଚଦ (ଧଭଋଙ୍ଗଋଙ୍ଗସ୍ବସ୍ବଷ)

- ଫଙ୍କମଢଭଉ ସ୍ଵଘୟକ୍ସଓଭଝ ଷଚଷଳଙ୍କଭ ଷଭଓଳଦ ପଙ୍କଦଭକ୍ସ (ଳଭଟଙ୍ଗପଭ) ଇପ୍ଲବଙ୍କଭଙ୍କଡଙ୍ଗ ପଷକ୍ସବଙ୍କଦସ୍ବମ୍ନନ୍ତ ଜଧଥଙ୍କଦବଜମଭ ୦୮.୦୪.୨୦୧୫ମ୍ପଙ୍ଗ ଜଧଥଙ୍କଦବଜମଭ ବକ୍ସଜତ ସ୍ଵଭଙ୍କଚଦଙ୍ଗ (ଧଭଋଙ୍ଗଋଙ୍ଗ ସ୍ବସ୍ବଷ) ଢକ୍ସଝଢଙ୍ଗ ଯଭ×ଢଙ୍ଗ.

- കോർപറേറ്റിതര ലഘു ബിസിനസ്സ് മേഖലകൾക്ക് സാമ്പത്തിക സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.

- ചെറുകിട നിർമ്മാണ യൂണിറ്റുകൾ, കടയുടമകൾ, പഴം/പച്ചക്കറി വ്യാപാരികൾ, ട്രക്ക്/ടാക്സി ഓപ്പറേറ്റർമാർ, ഭക്ഷണം എത്തിച്ചു കൊടുക്കുന്ന യൂണിറ്റുകൾ, റിപ്പയർ ഷോപ്പുകൾ, ചെറുകിട വ്യവസായങ്ങൾ, കരകൗശലശില്പികൾ, ഭക്ഷണം പ്രോസെസ്സ് ചെയ്യുന്നവർ, തെരുവ് വാണിഭക്കാർ തുടങ്ങിയ സാമ്പത്തിക സഹായം ലഭിക്കാത്ത മേഖലകളെ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

**മുദ്രയുടെ വീക്ഷണം**

സമൂഹ വ്യവസ്ഥയുടെ അടിത്തട്ടിലുള്ളവരുടെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിനായി അ´ാരാഷട്ര തലത്തിൽ ഏറ്റവും ഉത്കൃഷ്ടമായ മാതൃകകൾക്കും മാനദണ്ഡ§ൾക്കും അനുസൃതമായ ഏറ്റവും മിക¨ സംയോജിത സാമ്പത്തിക സേവനദാതാവായിരിക്കുക.

**മുദ്രയുടെ ദൗത്യം**

സാമ്പത്തിക വിജയവും സുരക്ഷയും നേടിയെടുക്കുന്നതിനായി നമ്മുടെ പങ്കാളികളായ സ്ഥാപന§ളുടെ കൂട്ടായ സഹകരണത്തോടെ എല്ലാവരേയും ഉൾപ്പെടുത്തിക്കൊ് സുസ്ഥിരവും മൂല്യാധിഷ്ഠിതവുമായ സംരഭക സംസ്കാരം വളർത്തിയെടുക്കുക.

**മുദ്രയുടെ ഉ±ശ്യം**

പങ്കാളികളായ സ്ഥാപന§ൾക്ക് പി´ുണയും പ്രോത്സാഹനവും നല്കുക വഴി എല്ലാവരേയും ഉൾപ്പെടുത്തിക്കൊ് സുസ്ഥിരമായ രീതിയിലൂടെ വികസനം നേടിയെടുക്കുന്നതോടൊപ്പം തന്നെ വളരെ ചെറിയ സംരഭ§ളുടെ മേഖലകളുടെ വികസനത്തിന്ന് അനുകൂലമായ ഒരു ജൈവവ്യവസ്ഥ നിർമ്മി¨ടുക്കുക.

**tNmZyw : sSIv\n¡Â _nêZ[mcnlÄçw ap{Z ]²XnbnÂ hmbv]sbSp¡mtam ?**

**D¯cw :** kwc`¯nsâ kz`mh¯ntâbpw t{]mPIvän\mhiyamb Imcy§fptSbpw ASnØm\¯nÂ am\ZÞ§Ä Aëkcn¨v ap{ZbpsS GsX¦nepw a²yhÀ¯n Øm]\¯nÂ \nìw hmbv] FSp¡mhp¶XmWv.

# വിവിധയിനം വായ്പകൾ

**ശിശു**
50,000/-രൂപ വരെ

**കിശോർ**
50,000രൂപ – 5 ലക്ഷം

**തരുൺ**
5 ലക്ഷംരൂപ – 10 ലക്ഷം

**അധികമായി ഈട് നല്കേണ്ടതില്ല**

**ശിശു വായ്പയ്ക്ക് പ്രോസസ്സിംഗ് ഫീസും മാർജിൻ പണവും ആവശ്യമില്ല**







**നിർമ്മാണം, പ്രോസെസ്സിംഗ്, വ്യാപാരം , സേവനം തുടങ്ങിയ വരുമാനം നേടി ക്കൊടുക്കുന്ന കൃഷി- ഇതര മേഖലകൾ ക്കായി ഏതെങ്കിലും പദ്ധതികൾ കൈവശമുള്ളവരും 10 ലക്ഷം രൂപ യിൽ താഴെ വായ്പ ആവശ്യമുള്ളവരുമായ ഇന്ത്യൻ പൗരന്മാർ**

**മുദ്ര കാർഡ് ഒരു റുപെയ് ഡെബിറ്റ് കാർഡ് ആണ്. ഇത് ഓവർഡ്രാഫ്റ്റ് രൂപത്തിൽ നടത്തിപ്പ് മൂലധന സൗകര്യം ലഭ്യമാക്കുന്നു. എ ടി എം, ബാങ്ക് മിത്രം , പി ഒ എസ് എന്നിവയിൽ ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്.**

## പിഎംഎംവൈ വായ്പ എങ്ങിനെ എടുക്കാം ?



വായ്പയെടുക്കുന്നയാൾ

ഉചിതമായ ഒരു ബിസിനസ്സ് ആശയം

വായ്പയ്ക്കുള്ള അപേക്ഷ




പൊതുമേഖലാ/സ്വകാര്യ മേഖലാ വാണിജ്യ ബാങ്ക്, ആർ ആർ ബി, സഹകരണ ബാങ്ക്



വായ്പാ അപേക്ഷയിന്മേൽ നടപടി





വായ്പാ രേഖകൾ പൂരിപ്പിച്ച് ഒപ്പിടൽ

വായ്പ അനുവദിക്കൽ/ വായ്പ നല്കൽ

കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള ബാങ്ക് ശാഖയെ സമീപിക്കുകയോ www.mudra.org.in ൽ ലോഗ് ഓൺ ചെയ്യുകയോ ചെയ്യുക